ദേശീയതലത്തിലും അന്തർദ്ദേശീയ തലത്തിലും അതിവിദഗ്ധരായ തൊഴിലാളി കളെ സൃഷ്ടിക്കുക എന്നതാണ് ഓയിൽ & റിഗ്, മൾട്ടിസ്കിൽസ്, Entrepreneurial Skills എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുവഴി ലക്ഷ്യ മിടുന്നത്.

(ഡി) മേൽ പ്രസ്താവിച്ച പദ്ധതികളുടെ നടത്തിപ്പിനായി സ്വകാര്യ പങ്കാളി കളെ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ മികവിന്റെ കേന്ദ്രം (CoE) ആരംഭിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

ജിസിൽ, എസ്.ജി.യുടെ ആശ്രിതർക്ക് സമാശ്വാസ സഹായങ്ങൾ

164 (8224) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

മരണമടഞ്ഞ കെട്ടിട നിർമ്മാണ തൊഴിലാളി ജിസിൻ, എസ്. ജി., ഓച്ചുമ്മൽ, അവിടനല്ലൂർ പി.ഒ., കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് അംഗത്വ നമ്പർ 11-45146 എന്ന വ്യക്തിയുടെ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ സഹായങ്ങൾക്ക് അർഹതയുണ്ട് എന്നറിയിക്കാമോ ?

ഉത്തരം

മരണമടഞ്ഞ കെട്ടിട നിർമ്മാണ തൊഴിലാളി ജിസിൻ എസ്.ജി., ഓച്ചുമ്മൽ, അവിടനല്ലൂർ പി.ഒ., കോട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല എന്ന വ്യക്തി മരിക്കുന്ന സമയത്ത് ഈ ബോർഡിലെ അംഗത്വം സജീവമായി നിലനിർത്തി യിട്ടുണ്ടെങ്കിൽ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 15,000 രൂപയും, ടി അംഗം ബോർഡിൽ അംശദായമായി അടച്ച മുഴുവൻ തുകയും കൂടാതെ സാന്ത്വന ധനസഹായമായി പ്രതിമാസം 400 രൂപയും മരണാനന്തര ചെലവുകൾക്ക് 2000 രൂപയും കൂടാതെ ജോലിക്കിടയിലുണ്ടാകുന്ന അപകട മരണമാണെങ്കിൽ 2 ലക്ഷം രൂപവരെയുള്ള സമാശ്വാസ സഹായങ്ങൾക്കും അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly